പൂവാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിക്കൽ പണികൾ പുരോഗമിച്ചുവരുന്നു. മെയിൻ ബിൽഡിംഗിന്റെ മുകളിലത്തെ റൂഫ് ഷീറ്റ് ഇടുന്ന പണികൾ പൂർത്തീകരിച്ചു. സീലിംഗ്, പാർട്ടീഷ്യൻ വർക്കുകൾക്ക് എസ്റ്റിമേറ്റ് ആയിട്ടുണ്ട്. വിഴിഞ്ഞം ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആൻഡ് എക്സ്റേ യൂണിറ്റ് നിർമ്മാണം സംബന്ധിച്ച വിഷയം നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പുതുക്കാട് മണ്ഡലത്തിലെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനം

201 (4926) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് താലൂക്ക് ആശുപത്രി, മറ്റത്തൂർ പഞ്ചായത്തിലെ കോടാലി കുടുംബാരോഗ്യ കേന്ദ്രം എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ?

പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 46.7 ലക്ഷം രൂപ ചെലവഴിച്ച് പണികൾ പൂർത്തീകരിച്ചു. കൂടാതെ പുതുക്കാട് താലൂക്കാശുപത്രിയുടെ അടിസ്ഥനസൗകര്യ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. മറ്റത്തൂർ പഞ്ചായത്തിലെ മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് 38 ലക്ഷം അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾക്കായി എൻ.എച്ച്.എം.-ൽ നിന്നും ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്-നെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. DPR തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) ഇവിടെ കൂടുതൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റേയും സേവനം ലഭ്യമാക്കുന്നതിനും കാരുണ്യ ഫാർമസി അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

നിലവിൽ ഇവിടെ 10 ഡോക്ടർമാർ ഉൾപ്പെടെ 47 സ്ഥിരം ജീവനക്കാരും എൻ.എച്ച്.എം, കോവിഡ് സ്റ്റാഫ്, എച്ച്.എം.സി, ആർ.എസ്.ബി.വൈ., ഐ.സി.റ്റി.സി., പാലിയേറ്റീവ് കെയർ എന്നിവ വഴി 29 ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. സ്ഥല ലഭ്യതയ്ക്ക് വിധേയമായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് കാരുണ്യ ഫാർമസി അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) കോവിഡ് പ്രതിരോധ നടപടികളുടെ കാര്യക്ഷമത ഉറപ്പാക്കിക്കൊണ്ട് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി പൂതുക്കാട് മണ്ഡലത്തിൽ നിന്ന് പൂതുക്കാട് താലൂക്കാശുപത്രിയെ തിരഞ്ഞെടുത്തിട്ടുണ്ട്. കോവിഡിന്റെ ഭാഗമായി പൂതുക്കാട് താലൂക്കാശുപത്രിയിൽ താൽക്കാലികമായി താഴെപ്പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(1)	സ്റ്റാഫ് നഴ്സ്	-	2
(2)	ഡയാലിസിസ് ടെക്നീഷ്യൻ	-	2
(3)	അറ്റൻഡർ ഗ്രേഡ്2	-	1
(4)	ഡേറ്റാ എൻട്രി	-	1
(5)	ഫാർമസിസ്റ്റ്	-	1

കോവിഡിന്റെ ഭാഗമായി മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ താൽക്കാലികമായി താഴെപ്പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട് :

ഡെന്റൽ സർജൻ- 1, സ്റ്റാഫ് നേഴ്സ്- 4, ലാബ് ടെക്നീഷ്യൻ 1, ഹോസ്പിറ്റൽ അറ്റൻഡർ 3.

മാനസികാരോഗ്യ പരിപാലന പദ്ധതി

202 (4927) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും നടപ്പിലാക്കിയ മാനസികാരോഗ്യ പരിപാലന പദ്ധതി കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ താഴെ പറയുന്ന ആശുപത്രികളിലാണ് മാനസികാരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(1) എഫ്.എച്ച്.സി. ഉദുമ (2) എഫ്.എച്ച്.സി. ചിറ്റാരിക്കൽ (3) പി.എച്ച്.സി. ചെങ്കള (4) പി.എച്ച്.സി. വെള്ളരിക്കുണ്ട് (5) പി.എച്ച്.സി. പടന്ന (6) താലൂക്ക് ആസ്ഥാന ആശുപത്രി, മംഗൽപാടി (7) താലൂക്ക് ആസ്ഥാന ആശുപത്രി, പനത്തടി (8) സി.എച്ച്.സി. ബദിയടുക്ക (9)താലൂക്ക് ആസ്ഥാന ആശുപത്രി, ബേഡഡുക്ക (10) സി.എച്ച്.സി. കുമ്പള (11) താലൂക്ക് ആസ്ഥാന ആശുപത്രി, നീലേശ്വരം (12) എഫ്.എച്ച്.സി. വോർക്കാടി (13) പി.എച്ച്.സി. പെരള (14) സി.എച്ച്.സി. മഞ്ചേശ്വരം (15) സി.എച്ച്.സി, മൂളിയാർ (16) സി.എച്ച്. ചെറുവത്തൂർ (17) താലൂക്ക് ആസ്ഥാന ആശുപത്രി തൃക്കരിപ്പൂർ (18) എഫ്.എച്ച്.സി. അട്ടൂർ (19) സി.എച്ച്.സി , പെരിയ.